"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-പരവൂർ നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ ശ്രീമതി.സുമംഗലകുമാരിക്ക് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.320/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/02/2021

---

പരാമർശം:- 1 പരവൂർ നഗരസഭാ സെക്രട്ടറിയുടെ 15.11.2005 തീയതിയിലെ ജി1-407/88 നമ്പർ കത്ത്.

2 നഗരകാര്യഡയറക്ടറുടെ 19.06.2019,03.09.2020 തിയതികളിലെ ഇ7-10886/19 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പരവൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ ബിൽ കളക്ടർ തസ്തികയിൽ 28.10.2005 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സുമംഗലകുമാരി. ആർ. പഠനാവശ്യത്തിനായി 14.11.2005 മുതൽ 31.03.2006വരെ ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ചിരുന്നതായും എന്നാൽ ടിയാളുടെ സേവനപുസ്തകം പരിശോധിച്ചതിൽ പ്രസ്തുത അവധി അനുവദിച്ചതായി കാണുന്നില്ലെന്ന് നഗരസഭാസെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ 31.05.2019 ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ള ശ്രീമതി. സുമംഗലകുമാരിക്ക് കേരള സർവ്വീസ് റൂൾ ഭാഗം 1 അനുബന്ധം 12 ബി പ്രകാരം 14.11.2005 മുതൽ 31.03.2006വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നതിന് ടിയാരിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴ്സ് സർട്ടിഫിക്കറ്റിൽ കോഴ്സ് അവസാനിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും അപേക്ഷക വിരമിച്ചതിനാലും 2005-06ലെ പഠനമായതിനാലും ഇക്കാര്യത്തിൽ ഇനി പരിശോധന നടത്തുന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ പരവൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ 28.10.2005 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സുമംഗലകുമാരി ആർ-ന് പഠനാവശ്യത്തിനായി 14.11.2005 മുതൽ 31.03.2006 വരെ (13.11.2005 ഞായർ പിൻ ചേർത്ത്) കേരള സർവ്വീസ് റൂൾ ഭാഗം 1 അനുബന്ധം 12 ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. സുമംഗലകുമാരി ആർ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, പരവൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, പരവൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ